**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 320 22.08.2017 ൽ മറുപടിക്ക്

ആർദ്രം മിഷന്റെ പുരോഗതി

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>,, കെ.കുഞ്ഞിരാമൻ<br>,, കെ.ഡി. പ്രസേനൻ<br>,, ഡി.കെ. മുരളി : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ സേവനരംഗത്ത് ഗുണമേന്മ യുള്ളതും രോഗീസൗഹൃദവുമായ സേവനം ഉറപ്പാക്കാൻ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ആർദ്രം മിഷന്റെ പുരോഗതി വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭ മാണ് ആർദ്രം മിഷൻ. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ജില്ലാ/താലൂക്ക്/ ജനറൽ ആശുപത്രികളിൽ നിശ്ചിത മാനദണ്ഡ ങ്ങളോടെ, അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കി ക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി തിരഞ്ഞെടുത്ത 170 പി.എച്ച്.സി-കളിൽ 680 തസ്തികകൾ സൃഷ്ടിക്കുകയും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയ്ക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജില്ലാ/താലൂക്ക്/ ജനറൽ തല ആശുപത്രികളിലേയ്ക്ക് ആദ്യഘട്ടമെന്ന നിലയിൽ 280 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇവ കൂടാതെ ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കാത്ത് ലാബ് സൗകര്യങ്ങളോടുകൂടിയ കാർഡിയോളജി യൂണിറ്റുകൾ ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. KIIFB യിൽ ഉൾപ്പെടുത്തി 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യവും, 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസസ് യൂണിറ്റും സജ്ജമാക്കുവാനുള്ള പ്രവർത്തനങ്ങൾ കെ.എം.എസ്.സി. എൽ വഴി നടന്നുവരുന്നു. ജില്ലാ താലൂക്ക് തല ആശുപത്രികളുടെ മാസ്റ്റർ പ്ളാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB , പ്ളാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴി നടന്നുവരുന്നു.

8 മെഡിക്കൽ കോളേജുകളിലെ ഒ.പി.സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 51.8184/- കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം, 12.92 കോടി രൂപ അനുവദിക്കുകയും, ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി മെഡിക്കൽ, പാരാമെഡിക്കൽ, മറ്റ് ജീവനക്കാർ എന്നിവരുടെ തസ്തികകൾ ആവശ്യത്തിന് സൃഷ്ടിക്കാനും ഇവർ സേവനസജ്ജരാണെന്ന് ഉറപ്പുവരുത്താനും നടപടിയായിട്ടുണ്ടോ; | (ബി) | ഇതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ ആശുപത്രികൾ സ്വകാര്യ മേഖലയ്ക്ക് വിട്ടു നൽകണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം ഉണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെ നിലപാട് അറിയിക്കുമോ? | (സി) | സർക്കാർ ആശുപത്രികൾ സ്വകാര്യ മേഖലക്ക് വിട്ടുനൽകാൻ സാധിക്കില്ല എന്നതാണ് സർക്കാർ നിലപാട് |

സെക്ഷൻ ഓഫീസർ